## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2448 18.02.2016-ൽ മറുപടിക്ക്

## പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.റ്റി.ബൽറാം<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ആർ . സെൽവരാജ്<br>,, എം.പി.വിൻസെൻറ് : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. ജലവിതരണത്തിനായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എന്തു കർമ്മ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ ; | എ. ജല വിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി. കാലപ്പഴക്കം ചെന്ന പൈപ്പുകളിലെ ചോർച്ച മൂലം ശുദ്ധജലം പാഴായി പോകുന്നത് ഒഴിവാക്കുവാനും, മലിന ജലം വിതരണ ശൃംഖലകളിൽ കയറുന്നത് തടയാനും, അറ്റകുറ്റപ്പണികൾക്കായി വൻതുക ചെലവാക്കുന്നത് തടയാനും, തന്മൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാനുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| സി പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | സി ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വർഷങ്ങൾക്കു മുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട നഗര ശുദ്ധജല വിരണ പദ്ധതികളുടേയും ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടേയും കേടായ പൈപ്പ് ലൈനുകൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി |

മെയിനുകൾ, വിതരണ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി 2011 മുതൽ സംസ്ഥാന ബജറ്റിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ തുക വകകൊള്ളിച്ചിരിക്കുന്നു.

വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ പ്പെടുത്തിയും ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാവശ്യമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. കൂടാതെ നബാർഡ് ഫണ്ട് ഉപയോഗിച്ചും ചില പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ